10/11/2021

... 6/01/22...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No.1137(5)/16/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 15271/SIC-G7/2016**

**സന്നിഹിത**

**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി: 10.11.2021**

| | |
|---|---|
| ശ്രീ. കുഞ്ഞിമൊയ്തീൻ ഹാജി,<br>പുല്ലാണി ഹൗസ്,<br>പുറ്റമണ്ണ, അമ്പലക്കടവ് പി.ഒ,<br>പിൻ – 676 525. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കാളികാവ് ഗ്രാമപഞ്ചായത്ത് കാര്യാലയം,<br>കാളികാവ്. പി.ഒ, മലപ്പുറം.<br><br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>എൽ.എസ്.ജി.ഡി എൻജിനീയറുടെ കാര്യാലയം,<br>കാളികാവ്, മലപ്പുറം. | എതിർകക്ഷി |

## ഉത്തരവ്

1. പരാതിക്കാരനായ ശ്രീ. കുഞ്ഞിമൊയ്തീൻ ഹാജി വിവരാവകാശ അപേക്ഷയിലൂടെ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, കാളികാവ് ഗ്രാമപഞ്ചായത്തിലെ 13–ാം വാർഡിലെ പരുത്തിക്കുന്നൻ മൊയ്തീൻ റോഡ് മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട 24 വിവരങ്ങളാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പരാതി ഹർജി കമ്മീഷൻ മുമ്പാകെ ലഭ്യമാകുന്ന അവസരത്തിൽ കമ്മീഷണർമാരുടെ അഭാവം നിലനിന്നിരുന്നതിനാൽ യഥാസമയം പരാതി ഹർജിയിന്മേൽ തീർപ്പ്കൽപ്പിക്കാൻ കഴിയാത്ത സാഹചര്യമായിരുന്നു. 2016 വർഷത്തെ പ്രസ്തുത പരാതി ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി, ടി പരാതി ഹർജിയിന്മേൽ ഇപ്പോഴും പരാതി നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കമ്മീഷൻ മുമ്പാകെ അറിയിക്കുന്നതിലേയ്ക്കായി 17.08.2020 തീയതി പരാതി ഹർജിക്കാരന് കത്ത് നൽകുകയുണ്ടായി. പ്രസ്തുത പരാതി ഇപ്പോഴും നിലനിൽക്കുന്നതായി ടിയാൻ 23.09.2020 തീയതി അയച്ചു നൽകിയ കത്തിൽ നിന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു.
3. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും 06.10.2021 ന് നേരിൽ കേൾക്കാൻ നിശ്ചയിച്ചു കൊണ്ട് നോട്ടീസ് നൽകുകയും റിപ്പോർട്ട് ആവശ്യപ്പെടുകയും ഉണ്ടായി. അന്നേദിവസം ടെലഫോൺ മുഖാന്തിരം നടന്ന നേർവിചാരണയിൽ എസ്.പി.ഐ.ഒ പങ്കെടുക്കുക ഉണ്ടായി. പരാതിക്കാരൻ ഹാജരായിരുന്നില്ല.

4. പരാതിക്കാരൻ 16.07.2015 തീയതി സമർപ്പിച്ച അപേക്ഷയിലെ 24 ചോദ്യങ്ങളിൽ ചോദ്യം 3 ഒഴികെയുളള ചോദ്യങ്ങൾക്കുളള മറുപടി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയവുമായി ബന്ധപ്പെട്ടതാകയാൽ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം കൈമാറി പരാതിക്കാരനെ അറിയിച്ചു എന്നും 3-ാമത്തെ ചോദ്യത്തിനുളള വിവരം നൽകി എന്നും തുടർന്ന് വിവരം ലഭ്യമായിട്ടില്ല എന്ന് കാണിച്ച് ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും അപ്പീൽ തീരുമാനത്തെ തുടർന്ന് അപേക്ഷയിൽ ആവശ്യപ്പെട്ട 1,2,3,4,5 10(1)10(3) ചോദ്യങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് മറുപടി നൽകി എന്നും 6,7,8,9,10 (2,4,5,6,7,8,9,10,11,12,13) എന്നീ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനായി അസിസ്റ്റന്റ് എൻജിനീയർക്ക് അയച്ചു നൽകിയതായും എസ്.പി.ഐ.ഒ അറിയിച്ചിട്ടുണ്ട്.

5. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, അപേക്ഷയ്ക്ക് വിവരം നൽകിയിട്ടുളളതായിട്ടാണ് കമ്മീഷന് ബോദ്ധ്യപ്പെടുന്നത്. ഒന്നാം അപ്പീൽ നൽകിയതിന് ശേഷം ആ വിവരം മറച്ചു വച്ചു കൊണ്ടാണ് കമ്മീഷനിൽ പരാതി നൽകിയതായി കാണുന്നത്. വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം കൈമാറി ലഭിച്ച അപേക്ഷയ്ക്ക് അസിസ്റ്റൻറ് എൻജിനീയറുടെ കാര്യാലയം എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുളളതായി 26.12.2015 തീയതിയിലെ രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ നിന്ന് മനസ്സിലാക്കുന്നു. എന്നിരുന്നാലും പരാതിക്കാരന്റെ പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അപേക്ഷയ്ക്ക് ഒരിക്കൽ കൂടി എതിർകക്ഷികൾ മറുപടി നൽകേണ്ടതാണ്. മേൽ സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുളളിൽ വ്യക്തമായ മറുപടി സൗജന്യമായി പരാതിക്കാരന് നൽകേണ്ടതും വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണെന്ന് ഒന്നും രണ്ടും എതിർകക്ഷികൾക്ക് നിർദ്ദേശം നൽകി കൊണ്ട് ഈ പരാതിഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 10 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്

RIGHT TO INFORMATI

gs